# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 6613 | 09.11.2016 - ൽ മറുപടിയ്ക്ക് |
|---|---|

## ജി.എസ്.ടി.യെ കുറിച്ച് പരിശീലനം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ | | ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
| (എ) | ജി.എസ്.ടി യെക്കുറിച്ച് സംസ്ഥാനത്ത് നികുതി വകുപ്പ് ജീവനക്കാർക്ക് എന്തെങ്കിലും പരിശീലനം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ; ടാക്സ് പ്രാക്ടീഷണർമാർക്ക് പരിശീലനം നൽകുമോ; | (എ) യും (ബി) യും (സി) യും (ഡി) യും | ജി.എസ്.ടി. സംബന്ധിച്ച് മാതൃകാ ജി.എസ്.ടി നിയമത്തെ അടിസ്ഥാനമാക്കിയുള്ള പരിശീലന പരിപാടികൾ ജീവനക്കാർക്കായി സംസ്ഥാനമൊട്ടാകെ നടന്നുവരികയാണ്. കേന്ദ്ര സർക്കാർ സ്ഥാപനമായ NACEN (National Academy of Customs, Excise and Narcotics) ഉം സംസ്ഥാന വാണിജ്യ നികുതി വകുപ്പും ചേർന്ന് സംയുക്തമായാണ് പരിശീലനം നൽകുന്നത്. ഇതനുസരിച്ച് മൂന്നംഘട്ട പരിശീലന പരിപാടികൾ പൂർത്തിയായിട്ടുണ്ട്. ഫീൽഡ് ലെവൽ ഓഫീസർമാർക്കായുള്ള നാലാംഘട്ട പരിശീലനം നവംബർ അവസാനത്തോടെ പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. ജി.എസ്.ടി. നിയമം അന്തിമ രൂപത്തിലായാലുടൻ വ്യാപാരികൾക്കും പ്രാക്ടീഷണർമാർക്കുമുള്ള ബോധവൽക്കരണവും പരിശീലനവും നല്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത്.<br><br>നിലവിൽ കേന്ദ്ര സർക്കാർ ചുമത്തിവരുന്ന കേന്ദ്ര എക്സൈസ് നികുതി, അഡീഷണൽ എക്സൈസ് ഡ്യൂട്ടി, അഡീഷണൽ കസ്റ്റംസ് ഡ്യൂട്ടി, സേവന |
| (ബി) | കേന്ദ്രവും സംസ്ഥാനവും ചുമത്തിവരുന്ന വിവിധ നികുതികൾക്ക് പകരമായിട്ടാണോ ജി.എസ്.ടി. ഈടാക്കുന്നത്; സാധനങ്ങളുടെ വില വിർദ്ധനവിന് ഈ നികുതി കാരണമാകുമോ; വിശദമാക്കുമോ; | | |
| (സി) | ജി.എസ്.ടി കൗൺസിലിൽ അധികമായി ആഢംബരനികുതി ഏർപ്പെടുത്തുന്ന വിഷയത്തിൽ കേരളം എടുത്ത നിലപാട് വ്യക്തമാക്കുമോ; | | |
| (ഡി) | ജീവനക്കാർക്കും ടാക്സ് പ്രാക്ടീഷണർമാർക്കും പരിശീലനം നൽകുന്നത് ആരാണ്; വിശദമായ വിവരം ലഭ്യമാക്കുമോ? | | |

| | | | |
|---|---|---|---|
| | | | നികുതി തുടങ്ങിയവയും സംസ്ഥാനങ്ങൾ ചുമത്തിവരുന്ന മൂല്യവർദ്ധിതനികുതി, കേന്ദ്ര വിൽപ്പന നികുതി, ആഢംബര നികുതി, വാങ്ങൽ നികുതി, ലോട്ടറി നികുതി തുടങ്ങിയവയ്ക്കു പകരമായാണ് ചരക്ക സേവന നികുതി നടപ്പിലാക്കുന്നത്. ജി.എസ്.ടി. യിൽ നികുതിക്കുമേൽ നികുതി ചുമത്തുമ്പോൾ ഉള്ള Cascading Effect ഉണ്ടാകുന്നില്ല. സാധനങ്ങളുടെ ഉല്പാദനത്തിന്മേലും വിൽപ്പനയിന്മേലും ഉള്ള നികുതികൾ ഏകീകരിക്കപ്പെടുന്നതിനാൽ വിലവർദ്ധനവിന് സാധ്യതയില്ലെന്നാണ് അനുമാനിക്കപ്പെടുന്നത്. മാത്രവുമല്ല ജി.എസ്.ടി. നടപ്പിലാക്കുമ്പോൾ ഉണ്ടാകാവുന്ന വിലക്കുറവ് ഉപഭോക്താക്കൾക്ക് ലഭ്യമാകത്തക്ക വിധത്തിൽ സംവിധാനം വേണമെന്നും കേരളം ജി.എസ്.ടി കൗൺസിലിൽ ശക്തിയായി ആവശ്യപ്പെട്ടിട്ടുണ്ട്.<br>നിലവിലുള്ള ആഡംബര നികുതി ജി.എസ്.ടി യിൽ ലയിക്കുന്നതാണ്. എന്നാൽ ജി.എസ്.ടി നടപ്പാക്കുമ്പോൾ ഉണ്ടാകാവുന്ന നഷ്ടം നികത്തുന്നതിനായി ചില ആഢംബര വസ്തുക്കളിന്മേൽ സെസ്സ് ചുമത്താവുന്നതാണെന്ന കേന്ദ്ര സർക്കാരിന്റെ നിർദ്ദേശം ജി.എസ്.ടി കൗൺസിലിന്റെ പരിഗണനയിലാണ്. ഇതിനെ കേരളം ശക്തമായി എതിർത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ